## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **31-01-2024 - ൽ മറുപടിയ്ക്ക്**

## വന്യജീവി ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയോട് ചേർന്നുള്ള റവന്യൂ/കാർഷിക മേഖലകളിൽ കാട്ടാന, കുരങ്ങൻമാർ, കാട്ടുപന്നികൾ എന്നിവ കാർഷികോൽപ്പന്നങ്ങൾ നശിപ്പിക്കുന്നതും ഇത്തരം കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വനമേഖലയോടു ചേർന്നുള്ള റവന്യൂ / കാർഷിക മേഖലകളിൽ വന്യജീവികൾ ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും വന്യജീവികളുടെ ആക്രമണത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരുടെയും ഇരയായി മരിച്ചവരുടെയും എണ്ണം, കൃഷിനാശം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം, കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരുടെയും ഇരയായി മരിച്ചവരുടെയും എണ്ണം, കൃഷി നാശം സംബന്ധിച്ച വിശദാംശം, കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള മറ്റ് സർക്കാർ സഹായങ്ങളുടെ വിശദാംശം എന്നിവ നൽകാമോ; | (ബി) | വനമേഖലയോടുചേർന്നുള്ള റവന്യൂ / കാർഷിക മേഖലകളിൽ വന്യജീവികൾ ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും വന്യജീവികളുടെ ആക്രമണത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരുടെയും ഇരയായി മരിച്ചവരുടെയും എണ്ണം, കൃഷിനാശം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം, കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | ഇതിലേയ്ക്കായി കേന്ദ്ര സർക്കാരിനോട് എന്തൊക്കെ സഹായങ്ങൾ ആവശ്യപ്പെട്ടു; ആയതിൽ എന്തൊക്കെ സഹായങ്ങൾ ലഭ്യമായി; വിശദാംശം നൽകുമോ? | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് ബഹു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയുടെ 12.01.2023-ലെ D.O.No.NA.13/16/2020-NA(Pt) നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ മറുപടി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ |

| | | | | |
|---|---|---|---|---|
| | | | | സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി . മനുഷ്യവന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി വീണ്ടും കേന്ദ്രസർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.<br><br>കേന്ദ്ര സർക്കാരിൽ നിന്നും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat(IDWH) സ്കീമിൽ Protection of Wildlife Outside Protected Area സ്കീമിൽ (60:40) പൂർണ്ണമായും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നത്. ആയതിനായി ലഭിച്ച തുകയുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.<br><br>കൂടാതെ പ്രോജക്ട് എലിഫന്റ് സ്കീമിലും തുക അനുവദിച്ചു വരുന്നു. ആയതിന്റെ വിവരം അനുബന്ധം-3 ആയി ചേർക്കുന്നു. ടി സ്കീമിൽ കേന്ദ്രം ഒരു ഗഡു മാത്രമാണ് 2022-23 ലും 2023-24 ലും റിലീസ് ചെയ്തിട്ടുള്ളത്. അതിന് ആനുപാതികമായ തുക സംസ്ഥാന സർക്കാരും അനുവദിച്ചിട്ടുണ്ട്. 2023-24 വർഷം രണ്ട് ഗഡുവായിട്ടാണ് 172.78 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. 03.01.2024-ന് അനുവദിച്ചിട്ടുള്ള രണ്ടാം ഗഡു തുകയായ 86.39 ലക്ഷം രൂപ വിനിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം -3</u>**

| വർഷം | ബഡ്ജറ്റ് | റിലീസ് ചെയ്തത് | ചെലവഴിച്ചത് |
|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | |
| 2021-22 | 1300.00 | 317.62 | 316.67 |
| 2022-23 | 1300.00 | 304.88 | 243.73 |
| 2023-24 | 1300.00 | 172.78 | 62.00 |

<u>അനുബന്ധം -2</u>

| വർഷം | ബഡ്ജറ്റ് | റിലീസ് ചെയ്തത് | ചെലവഴിച്ചത് |
|---|---|---|---|
| | (രൂപ ലക്ഷത്തിൽ) | | |
| 2022-23 | 1000.00 | 152.18 | 149.13 |
| 2023-24 | 1000.00 | 174.19 | 159.77 |

അനുബന്ധം-1

| ജീവഹാനി സംഭവിച്ചവരുടെ എണ്ണം | പരിക്ക് പറ്റിയവരുടെ എണ്ണം | കൃഷി നാശം (അപേക്ഷകളുടെ എണ്ണം) | കൃഷിനാശം ഉണ്ടായവർക്ക് അനുവദിച്ച ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 281 | 2884 | 15177 | 1123.74 |